213731 G2/13 /TD

A27

കേരള സർക്കാർ

സംഗ്രഹം

നികുതി വകുപ്പ് – എക്സൈസ് – മദ്യ / ലഹരി വിരുദ്ധ ബോധവൽക്കരണം – കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി (ജി) വകുപ്പ്

ജി.ഒ. (എംഎസ്) നം.205/2013/നി.വ. തിരുവനന്തപുരം, തീയതി, 09/12/2013.

പരാമർശം:- എക്സൈസ് കമ്മീഷണറുടെ, 21/08/2013, 19/11/2013 എന്നീ തീയതികളിലെ എപിസി1-21223/13 നമ്പർ കത്തുകൾ.

ഉത്തരവ്

മദ്യ/ലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി, കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിക്കുന്നതിനായുള്ള മാർഗ്ഗരേഖ അംഗീകരിക്കണമെന്ന്, പരാമർശം (1)-ലെ കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ ശുപാർശ ചെയ്തിരിക്കുന്നു.

(2) എക്സൈസ് കമ്മീഷണറുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിക്കുന്നതിന്, അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),
എ. അജിത് കുമാർ,
സെക്രട്ടറി.

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം.
3. ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്) കേരളം, തിരുവനന്തപുരം.
5. ഉന്നത വിദ്യാഭ്യാസ വകുപ്പ്.
6. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ആഫീസർ.

# കോളേജ് തലങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബ് മാർഗ്ഗരേഖ

## ആമുഖം

സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന മദ്യ-മയക്ക് മരുന്ന് ഉപയോഗത്തിനെ
തിരെ വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാന എക്സൈസ് വകു
പ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി ഇവയുടെ ദൂഷ്യഫല
ങ്ങളെക്കുറിച്ച് വിദ്യാർത്ഥി സമൂഹത്തിൽ ഒരു അവബോധം സൃഷ്ടിച്ചെടുക്കുന്നതിനായി
സംസ്ഥാനത്തെ ഹയർസെക്കന്ററിതലം വരെയുള്ള വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബു
കൾ പ്രവർത്തിച്ച് വരുന്നു. സ്കൂളുകളിലെ പഠനത്തിന് ശേഷം തുടർപഠനത്തിനായി
വിദ്യാർത്ഥികൾ എത്തിച്ചേരുന്ന കോളേജുകളിൽ യുവജന വിദ്യാർത്ഥികൾക്കിടയിൽ
ലഹരി വസ്തുക്കൾ വ്യാപകമാകുന്നതായി കണ്ടുവരുന്നതിനാൽ സ്കൂളുകളിലെ ലഹരിവി
രുദ്ധ ക്ലബ്ബുകളുടെ മാതൃകയിൽ കോളേജ് തലങ്ങളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീക
രിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## ആവശ്യകത

ആരോഗ്യം, സാക്ഷരത, മാനുഷികവിഭവശേഷി തുടങ്ങിയ രംഗങ്ങളിലെ ഉന്നത നില
വാരത്തിലൂടെ ആഗോള ശ്രദ്ധ ആകർഷിച്ചിരുന്ന കേരളം ഇപ്പോൾ ഉയർന്ന തോതിലുള്ള
മദ്യ ഉപയോഗം സംബന്ധിച്ചാണ് വാർത്തകളിൽ ഇടം പിടിക്കുന്നത്. സമൂഹത്തിൽ വ്യാപ
കമായിക്കൊണ്ടിരിക്കുന്ന ഈ വിപത്ത് സാമ്പത്തിക-സാമൂഹ്യ-സാംസ്കാരിക-രംഗങ്ങ
ളിലെ അധ:പതനത്തിന് കാരണമാകുന്നതാണ്. ഇവയ്ക്ക് കൂടുതലായും അടിമപ്പെടുന്നത്
യുവജനങ്ങളാണ് എന്നത് വിസ്മരിക്കാനാകാത്ത വസ്തുതയാണ്. നാളേയുടെ വികസന
ഭാഗധേയം നിർണ്ണയിക്കേണ്ട യുവജനങ്ങളെ ലഹരിയുടെ പിടിയിൽനിന്നും രക്ഷിക്കേണ്ടത്
വളരെ അത്യാവശ്യമാണ്. സംസ്ഥാനത്ത് ഹയർസെക്കന്ററിതലം വരെയുള്ള വിദ്യാലയങ്ങ
ളിൽ പ്രവർത്തിച്ച് വരുന്ന ലഹരിവിരുദ്ധ ക്ലബ്ബുകൾക്കൊപ്പം കോളേജ് തലങ്ങളിലും ലഹരി
വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുക വഴി ബോധവൽക്കരണ ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ
കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

## കോളേജ്തല ലഹരിവിരുദ്ധ ക്ലബ്ബ് രൂപീകരണം

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആർട്ട് സയൻസ്, അപ്ലയ്ഡ് സയൻസ്, സാങ്കേതിക
വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടക്കം എല്ലാ സർക്കാർ/സർക്കാരിതര പ്രൊഫഷണൽ
കോളേജുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ ആരംഭിക്കാവുന്നതാണ്. കോളേജ് പ്രിൻസി
പ്പാൾമാർ, ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ്സ്, പി.റ്റി.എ പ്രസിഡന്റ്, തദ്ദേശ സ്വയംഭരണ
സ്ഥാപന പ്രതിനിധി എന്നിവരുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ താൽപര്യമുള്ള
വിദ്യാർത്ഥികളെ കണ്ടെത്തി ലഹരിവിരുദ്ധ ക്ലബ്ബ് രൂപീകരിക്കേണ്ട ചുമതല ബന്ധപ്പെട്ട
റേഞ്ച് ഇൻസ്പെക്ടർമാർക്കായിരിക്കും. രൂപീകരിക്കുന്ന കോളേജ് ക്ലബ്ബുകളിൽ ലഹരിവി
രുദ്ധ പ്രവർത്തനങ്ങളിൽ സജീവപ്രവർത്തന താല്പര്യമുള്ളവരായ ഹോസ്റ്റൽ വിദ്യാർത്ഥി
കൾ ഉൾപ്പെടെ അതാത് കോളേജിലെ എല്ലാ ഡിപ്പാർട്ട്മെന്റിലേയും തെരഞ്ഞെടുത്ത
വിദ്യാർത്ഥികളുടെ പ്രാതിനിധ്യം ഉറപ്പാക്കേണ്ടതാണ്.

## കോളേജ്തല ലഹരിവിരുദ്ധ ക്ലബ്ബ് ഘടന

കോളേജ്തല ലഹരിവിരുദ്ധ ക്ലബ്ബിന്റെ ഘടന ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ചെയർമാൻ | : | പ്രിൻസിപ്പാൾ |
| വൈസ് ചെയർമാൻ | : | വൈസ് പ്രിൻസിപ്പാൾ/സീനിയർ ആയ ഒരു അദ്ധ്യാപകൻ/അദ്ധ്യാപിക |

കൺവീനർ : ലഹരിവിരുദ്ധ രംഗത്ത് താൽപര്യമുള്ള/കഴിവ് തെളിയിച്ച കോളേജ് അദ്ധ്യാപകൻ/അദ്ധ്യാപിക

ജോയിന്റ് കൺവീനർ : വിദ്യാർത്ഥി/വിദ്യാർത്ഥിനി പ്രതിനിധി

രക്ഷാധികാരി : ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/മുൻസിപ്പൽ ചെയർമാൻ/നഗരസഭ മേയർ

മുഖ്യ കാര്യദർശികൾ : ഗ്രാമപഞ്ചായത്ത് മെമ്പർ/മുൻസിപ്പൽ കൗൺസിലർ.

നാഷണൽ സർവ്വീസ് സ്കീം പ്രോഗ്രാം ഓഫീസർ.

എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്ടർ.

ഫാമിലി കൗൺസിലർ/സർക്കാർ ഡോക്ടർ.

സ്റ്റാഫ് അഡ്വൈസർ.

പി.ടി.എ നോമിനികൾ (വൈസ് പ്രസിഡന്റ് & സെക്രട്ടറി).

കോളേജ് യൂണിയൻ ചെയർമാൻ/ ചെയർപേഴ്സൺ.

ആന്റി-റാഗിംങ്ങ് സെൽ കൺവീനർ.

വുമൺ ഫോറം കൺവീനർ.

നാഷണൽ കേഡറ്റ് കോപ്സ്, ഓഫീസർ.

ജില്ലാതല ട്രെയിനിംഗ് ലഭിച്ച രണ്ട് വളണ്ടിയർമാർ.

പഠന പഠനേതര വിഷയങ്ങളിൽ ഇൻഡോർ ഔട്ട്ഡോർ പ്രവർത്തനങ്ങളിൽ മികവ് പുലർത്തിയ രണ്ട് വിദ്യാർത്ഥി/വിദ്യാർത്ഥിനി (കോളേജ് പ്രിൻസിപ്പൽ നാമനിർദ്ദേശം ചെയ്തത്).

സ്റ്റുഡന്റ് സെക്രട്ടറി : തെരഞ്ഞെടുക്കപ്പെട്ട സ്റ്റുഡന്റ് വിദ്യാർത്ഥി/വിദ്യാർത്ഥിനി.

മെമ്പർമാർ : കുറഞ്ഞത് 50 വിദ്യാർത്ഥി/വിദ്യാർത്ഥിനികൾ. ( എല്ലാ പഠന വിഭാഗ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും പ്രാതിനിധ്യം ഉറപ്പാക്കേണ്ടതാണ് )

## കോളേജ്തല ലഹരിവിരുദ്ധ ക്ലബ്ബിന്റെ ലക്ഷ്യങ്ങൾ

1. മദ്യത്തിനും, മയക്കുമരുന്നിനും, പുകയില ഉല്പന്നങ്ങൾക്കുമെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകുക.
2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ലഹരി പദാർത്ഥങ്ങൾ കോളേജുകളിൽ നിന്നും അകറ്റി നിർത്തുക.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കോളേജുകളു സമീപവും, കോളേജിനകത്തും, ഹോസ്റ്റലുകളിലും മദ്യം, മയക്കുമരുന്ന്, പുക യില ഉല്പന്നങ്ങൾ എന്നിവയുടെ ലഭ്യത ഇല്ലാതാക്കുക.
4. ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന കോളേജ് വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി ഈ ദു:ശ്ശീലത്തിൽ നിന്നും പിന്തിരിപ്പിക്കുക.
5. മദ്യത്തിനും, മയക്കുമരുന്നിനും അടിമകളായവരെ കണ്ടെത്തി അവരെ ബോധ വൽക്കരണത്തിലൂടെ മോചിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തുക. ചികിത്സ ആവശ്യമായിട്ടുള്ളവർക്ക് അതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുക.

## കോളേജ്തല ലഹരിവിരുദ്ധ ക്ലബിന്റെ പ്രവർത്തനങ്ങൾ

1. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ക്ലാസുകൾ, ചർച്ചകൾ, സെമിനാർ, റാലി, കൂട്ടയോട്ടം തുടങ്ങിയവ സംഘടിപ്പിക്കുക.
2. ലഹരിവിരുദ്ധ പോസ്റ്റർ, നോട്ടീസ്, ലഘുലേഖ, കൈയ്യെഴുത്ത് മാസിക, മാഗസീനു കൾ തുടങ്ങിയവ തയ്യാറാക്കി പ്രചരിപ്പിക്കുക.
3. ലഹരിവിരുദ്ധ ആശയങ്ങൾ വ്യക്തമാക്കുന്ന നാടകം, കഥാപ്രസംഗം, സ്കിറ്റ് തുട ങ്ങിയ സാംസ്കാരിക കലാപരിപാടികൾ തയ്യാറാക്കി കോളേജ് തലങ്ങളിലും പൊതു വേദികളിലും സംഘടിപ്പിക്കുക.
4. സ്വന്തം പ്രദേശത്തെ മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ദുരുപയോഗം സംബന്ധിച്ച നിരീക്ഷണം, സർവ്വേ എന്നിവയിലൂടെ വിവര ശേഖരണം നടത്തു കയും ആയത് സംബന്ധിച്ച് പഠന റിപ്പോർട്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുകയും ചെയ്യുക.
5. ലഹരി പദാർത്ഥങ്ങളിൽ നിന്നും വിമുക്തി നേടിയ വ്യക്തികളുമായി അഭിമുഖം നട ത്തുക, ലഹരിവിമുക്ത ചികിത്സ കേന്ദ്രങ്ങൾ സന്ദർശിച്ച് വിവരശേഖരണം നടത്തു കയും ഇത്തരം സന്നദ്ധ സംഘടനകളുമായി പ്രവർത്തിച്ച് വിവിധ ബോധവൽക്ക രണ പ്രവർത്തനങ്ങൾ നടത്തുക.
6. കോളേജ് വിദ്യാർത്ഥികൾക്ക് പാഠ്യേതര വിഷയങ്ങളിൽ പ്രായോഗിക പഠനവും പരി ശീലനവും പൊതുജനസേവന പരിശീലനവും നൽകുക. (ഉദാ:- ക്യാമ്പസിൽ കാർഷിക ഉൽപാദനം, ഹാൻഡിക്രാഫ്റ്റ്, ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലനം, പാചകം, തുന്നൽ, ഹൗസ് കീപ്പിംഗ്, എന്നിവ വിദ്യാർത്ഥി കൾക്കും കൂടാതെ രക്ഷിതാക്കൾക്ക് കൗൺസിലിംഗ്, ഹോസ്റ്റൽ കേന്ദ്രീകരിച്ച് ലഹ രിവിരുദ്ധ പഠനക്ലാസ്സ്, ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലൽ, ലഹരിവിരുദ്ധ ദൂഷ്യഫല ങ്ങളെ ഉൾക്കൊള്ളുന്ന കാർട്ടൂൺ, കാരിക്കേച്ചർ, ചിത്രരചന, ഉപന്യാസം, പ്രസംഗം, നാടകം തുടങ്ങിയ വിവിധ സാംസ്കാരിക കലാപരിപാടികൾ എന്നിവ കോളേജിനകത്തും പുറത്തും നടത്താവുന്നതാണ്. ഓരോ വർഷംതോറും ഓരോ കോളേജിലും കുറഞ്ഞത് 100 വിദ്യാർത്ഥികൾക്കെങ്കിലും ഇത്തരത്തിൽ പരിശീലനം നൽകാവുന്നതാണ്).
7. കോളേജ് തലങ്ങളിൽ പ്രവർത്തിച്ച് വരുന്ന നാഷണൽ സർവ്വീസ് സ്കീം, റെഡ് റിബ്ബൺ ക്ലബ്ബുകൾ, എൻ.സി.സി എന്നിവപോലുള്ള മറ്റ് സംഘടനകളുമായി സഹക രിച്ച് കൊണ്ടുള്ള വിവിധ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

പൊതുനിർദ്ദേശങ്ങൾ

മുഖ്യകാര്യ ദർശികളായി ഗ്രാമപഞ്ചായത്ത് മെമ്പർ/മുൻസിപ്പൽ കൗൺസി
ലർ, നാഷണൽ സർവ്വീസ് സ്കീം പ്രോഗ്രാം ഓഫീസർ, എക്സൈസ് റെയ്ഞ്ച് ഇൻസ്പെ
ക്ടർ, ഫാമിലി കൗൺസിലർ/സർക്കാർ ഡോക്ടർ, സ്റ്റാഫ് അഡ്വൈസർ, പി.ടി.എ
നോമിനികൾ (വൈസ് പ്രസിഡന്റ് & സെക്രട്ടറി), ആന്റി റാഗിംങ് സെൽ കൺവീനർ,
വുമൺഫോറം കൺവീനർ, നാഷണൽ കേഡറ്റ് കോപ്പ്സ് ഓഫീസർ, എന്നിവരും കോളേജ്
യൂണിയൻ ചെയർമാൻ/ചെയർപേഴ്സൺ, ജില്ലാതല ട്രെയിനിംഗ് ലഭിച്ച രണ്ട് വളണ്ടി
യർമാർ, സ്റ്റുഡന്റ് സെക്രട്ടറി, പഠന പഠനേതര വിഷയങ്ങളിൽ ഇൻഡോർ ഔട്ട്ഡോർ
പ്രവർത്തനങ്ങളിൽ മികവ് പുലർത്തിയ രണ്ട് വിദ്യാർത്ഥികൾ (കോളേജ് പ്രിൻസിപ്പൽ നാമ
നിർദ്ദേശം ചെയ്തത്), ഹോസ്റ്റൽ പരിപാലനത്തിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികൾ
ഉൾപ്പെടെ ഏറ്റവും കുറഞ്ഞത് അൻപത് വിദ്യാർത്ഥികൾ (കോളേജിലെ എല്ലാ പഠന
വിഭാഗ ഡിപ്പാർട്ടുമെന്റുകളിൽ നിന്നുമായി) എന്നിവരും അംഗങ്ങളായി ലഹരിവിരുദ്ധ
ക്ലബ്ബിൽ ഉണ്ടായിരിക്കേണ്ടതാണ്. ലഹരിവിരുദ്ധ ക്ലബ്ബിന്റെ രക്ഷാധികാരി ഗ്രാമപഞ്ചായത്ത്
പ്രസിഡന്റ്/മുൻസിപ്പൽ ചെയർമാൻ/നഗരസഭ മേയർ ആയിരിക്കും. ഓരോ കോളേജിലും
കുറഞ്ഞത് 100 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകേണ്ടതും ഹോസ്റ്റൽ ഉള്ള കോളേജിൽ
ഹോസ്റ്റൽ വിദ്യാർത്ഥികളെ പരിശീലന പരിപാടിയിൽ കൂടുതൽ പങ്കെടുപ്പിക്കേണ്ടതുമാണ്.
പാഠ്യേതര വിഷയങ്ങളിൽ പ്രായോഗിക പഠനവും പരിശീലനവും സമ്മാനം നൽകലും
ഇതിൽ ഉൾപ്പെടും. ഉദാ:- ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട ക്യാമ്പസിൽ കാർഷിക
ഉൽപാദനം, ഹാൻഡിക്രാഫ്റ്റ്, തൊഴിൽ പരിശീലനം, പാചകം, തുന്നൽ, ഹൗസ് കീപ്പിംഗ്,
ഹോസ്റ്റൽ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ പഠനക്ലാസ്സ്, പ്രതിജ്ഞ ചൊല്ലൽ, വിദ്യാർത്ഥി
കൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ്, വിവിധ കലാപരിപാടികൾ കോളേജിന
കത്തും പുറത്തും നടത്താവുന്നതാണ്. ഓരോ കോളേജിൽ നിന്ന് കുറഞ്ഞത് 2
വിദ്യാർത്ഥി/വിദ്യാർത്ഥിനികൾ വച്ച് ജില്ലാതലത്തിൽ 150 പേർക്കെങ്കിലും ലഹരിവിരുദ്ധ
വോളണ്ടിയർ ട്രെയിനിംഗ് നൽകണം. കോളേജിലെ ലഹരിവിരുദ്ധ ക്ലബ്ബിൽ എൻറോൾമെന്റ്
രജിസ്റ്റർ അടക്കമുള്ള രജിസ്റ്ററുകൾ ഉണ്ടാവേണ്ടതും ചെയർമാന്റെയും, കൺവീനറുടെയും
പേരിൽ സംയുക്തമായുള്ള ജോയിന്റ് അക്കൗണ്ടിൽ തുക നിക്ഷേപിച്ചുകൊണ്ട് ക്ലബ്ബിന്റെ
ധനവിനിയോഗം ഉണ്ടായിരിക്കേണ്ടതാണ്. കോളേജിൽ ക്ലബ്ബിന്റെ പ്രവർത്തനം നിർബന്ധ
മായും അദ്ധ്യയന വർഷാരംഭത്തിൽ തന്നെ ആരംഭിക്കേണ്ടതാണ്. ക്ലബ്ബ് മാസത്തിൽ ഒരി
ക്കലെങ്കിലും യോഗം കൂടേണ്ടതും പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. ആയ
തിന്റെ റിപ്പോർട്ട് എക്സൈസ് റേഞ്ച് ഇൻസ്പെക്ടർക്കാണ് നൽകേണ്ടത്. റേഞ്ച്
ഇൻസ്പെക്ടർ പ്രിൻസിപ്പാളുമായി ബന്ധപ്പെട്ട് ആദ്യയോഗം വിളിച്ച് കൂട്ടേണ്ടതും രക്ഷാധി
കാരി ഉൾപ്പെടെ ക്ലബിന്റെ ഘടനയിൽ പറഞ്ഞിട്ടുള്ള എല്ലാവരും ആദ്യയോഗത്തിൽ ഉണ്ടാ
യിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ക്ലബ്ബുകളുടെ പ്രവർത്തനോദ്ഘാടനം സംസ്ഥാനതലത്തിൽ നടത്തേണ്ടതാണ്.
തീര-മലയോര പ്രദേശങ്ങളിലുള്ളവയ്ക്ക് മുൻഗണന നൽകേണ്ടതാണ്. ജില്ലാതലങ്ങളിലും
സമാനമായ ഉദ്ഘാടന പരിപാടികൾ, കൂടാതെ വർഷാവസാനത്തിൽ കോളേജ്തല

സമ്മേളനവും സംഘടിപ്പിക്കേണ്ടതാണ്.
ലഹരിവിരുദ്ധ ക്ലബ്ബുളുടെ ജില്ലാതല വാർഷിക സമ്മേളനവും സംഘടിപ്പിക്കേണ്ടതാണ്. പ്രചരിപ്പിക്കുന്ന
ഈ പ്രവർത്തനങ്ങളെല്ലാം ഏകോപിപ്പിച്ച് കൊണ്ട് അവയുടെ സാരാംശം പ്രചരിപ്പിക്കുന്ന
തിനായി ന്യൂസ് ലെറ്റർ ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

ലഹരിവിരുദ്ധ ക്ലബ്ബുകൾക്ക് ആവശ്യമായ ലിറ്ററൽ സപ്പോർട്ട്, ബോധവൽക്കരണ
സാമഗ്രികൾ, റിസോഴ്സസ് പേഴ്സൺ തുടങ്ങിയവ ആവശ്യമെങ്കിൽ എക്സൈസ് വകുപ്പ്
നൽകുന്നതായിരിക്കും.

<u>ഫണ്ട് അനുവദിക്കൽ</u>

ലഹരിവിരുദ്ധ ക്ലബ്ബുകൾക്ക് ആവശ്യമായ തുക ഫണ്ടിന്റെ ലഭ്യതയും ക്ലബ്ബുകളുടെ
പ്രവർത്തന മികവും അടിസ്ഥാനമാക്കി അനുവദിക്കുന്നതാണ്. കോളേജിലെ ലഹരിവി
രുദ്ധ ക്ലബ്ബ് ചെയർമാന്റെയും കൺവീനറുടെയും ജോയിന്റ് അക്കൗണ്ടിൽ തുക നിക്ഷേപി
ച്ചുകൊണ്ട് ധനവിനിയോഗം നടത്തേണ്ടതാണ്. ടി തുകയുടെ ധനവിനിയോഗ സർട്ടിഫി
ക്കറ്റ് സാമ്പത്തിക വർഷാവസാനം എക്സൈസ് വകുപ്പിൽ നൽകേണ്ടതാണ്.

<u>മേൽനോട്ടം</u>

സമൂഹത്തിൽ വർദ്ധിച്ച് വരുന്ന മദ്യപാന ശീലവും മയക്ക്മരുന്ന് ഉപഭോഗം
ഇല്ലായ്മ ചെയ്യുന്നതിന് ലഹരിവിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന്
എക്സൈസ്, പൊതു വിദ്യാഭ്യാസം, കോളേജിയറ്റ് എഡ്യുക്കേഷൻ, ഐ. എച്ച്. ആർ. ഡി,
ടെക്നിക്കൽ എഡ്യൂക്കേഷൻ, നാഷണൽ സർവ്വീസ് സ്കീം, നാഷണൽ കേഡറ്റ് കോപ്സ്,
തദ്ദേശ സ്വയംഭരണ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ് അദ്ധ്യക്ഷൻമാർ എന്നിവർ ഉൾപ്പെട്ട
ഒരു സംസ്ഥാനതല സമിതി രൂപീകരിക്കുന്നതാണ്. ബോധവൽക്കരണ വിഭാഗം ജോയിന്റ്
എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ടി ക്ലബ്ബുകളുടെ പ്രവർത്തന പുരോഗതി
എക്സൈസ് വകുപ്പ് പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാണ്.

<u>പുരോഗതി വിലയിരുത്തലും പ്രോത്സാഹനവും</u>

ഓരോ അദ്ധ്യയന വർഷാവസാനവും ക്ലബ്ബുകളുടെ പ്രവർത്തനം എക്സൈസ്
വകുപ്പ് വിലയിരുത്തുകയും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതുമാണ്. ജില്ലകളിൽ
ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ക്ലബ്ബിനെയും അംഗത്തെയും തെരഞ്ഞെ
ടുത്ത് പാരിതോഷികവും, സംസ്ഥാനത്ത് ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന
ക്ലബ്ബിനെയും അംഗത്തെയും തെരഞ്ഞെടുത്ത് ട്രോഫിയും, ക്യാഷ് അവാർഡും നൽകുന്ന
താണ്.

# കോളേജ്തല ലഹരിവിരുദ്ധ ക്ലബ്ബ് പ്രവർത്തന കലണ്ടർ

| | പ്രവർത്തനങ്ങൾ | ജൂൺ | ജൂലൈ | ആഗസ്ത് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | പുതിയ ക്ലബ്ബുകളുടെ രൂപീകരണം | ✓ | ✓ | ✓ | | | | | | | |
| 2 | പുതിയ വർഷത്തെ പരിപാടികൾ ആസൂത്രണം ചെയ്യൽ | ✓ | | | | | | | | | |
| 3 | അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം | ✓ | | | | | | | | | |
| 4 | ലഹരി വിരുദ്ധ ക്ലബ്ബുകളുടെ യോഗങ്ങൾ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 5 | ചിത്ര രചനാ മത്സരം, ഉപന്യാസ മത്സരം, പോസ്റ്റർ രചനാ മത്സരം, തുടങ്ങിയ മത്സരങ്ങൾ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | |
| 6 | ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ഓണ / റംസാൻ സന്ദേശം | | | | ✓ | | | | | | |
| 7 | ഗാന്ധി ജയന്തി വാരാഘോഷം | | | | | ✓ | | | | | |
| 8 | ബോധവത്ക്കരണ ക്ലാസുകൾ, സെമിനാറുകൾ, ചിത്ര പ്രദർശനം, റാലികൾ, കൂട്ട ഓട്ടം , തെരുവ് നാടകങ്ങൾ , സർവ്വെ, തുടങ്ങിയവ | | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | |
| 9 | കൈയ്യെഴുത്ത് മാസികയുടെ പ്രവർത്തനം | ✓ | ✓ | ✓ | ✓ | ✓ | ✓ | | | | |
| 10 | കൈയ്യെഴുത്ത് മാസികയുടെ പ്രസിദ്ധീകരണം | | | | | | | ✓ | | | |
| 11 | ക്രിസ്തുമസ് വെക്കേഷൻ വോളണ്ടിയേഴ്സ് ട്രെയിനിംഗ് | | | | | | | ✓ | | | |
| 12 | കോളേജ്തല മത്സരങ്ങൾ | | | ✓ | ✓ | | | | | | |
| 13 | ജില്ലാതല മത്സരങ്ങൾ | | | | | ✓ | ✓ | | | | |